ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 16.01.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. കേന്ദ്രസർക്കാർ ജീവനക്കാർക്കായി -എട്ടാമത് ശമ്പള കമ്മീഷൻ രൂപീകരിക്കാൻ തീരുമാനിച്ച് കേന്ദ്രം. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ മൂന്നാം വിക്ഷേപണതറ സ്ഥാപിക്കുന്നതിന് കേന്ദ്രമന്ത്രിസഭയുടെ അനുമതി.

   Government today announced the setting up of the 8th Pay Commission for Government today announced the setting up of the 8th Pay Commission for the Central government employees and pensioners. Cabinet approves the establishment of "Third Launch Pad" at Satish Dhawan Space Centre of ISRO at Sriharikota

2. സംഭരണം, വിപണനം, എന്നിവയുടെ വികസനത്തിലൂടെ ഇന്ത്യൻ കാർഷിക മേഖലയെ ശാക്തീകരിക്കാൻ കഴിയുമെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ.

   Vice President Jagdeep Dhankhar said that the Indian agriculture sector can be empowered through the development of storage, marketing, etc.

3. പ്രധാനമന്ത്രി നരേന്ദ്രമോദി സിംഗപ്പൂർ പ്രസിഡൻറുമായി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും.

Prime Minister Narendra Modi will meet the President of Singapore in New Delhi today.

4. സ്പേഡെക്സ് ദൗത്യത്തിലെ നിർണായക ഘട്ടമായ ഡോക്കിങ്ങ് പ്രക്രിയ വിജയകരമായി പൂർത്തിയാക്കി ഐഎസ്ആർഒ. അഭിനന്ദനം അറിയിച്ച് രാഷ്ട്രപതി പ്രധാനമന്ത്രി ഉൾപ്പെടെയുള്ള പ്രമുഖർ .

ISRO successfully completes the docking process, a crucial stage of the SpaceX mission. The President, Prime Minister and other dignitaries congratulated the launch.

5. കേരള നിയമസഭയുടെ ബജറ്റ് സമ്മേളനത്തിന് ഗവർണറുടെ നയ പ്രഖ്യാപനത്തോടെ നാളെ തുടക്കം.

The budget session of the Kerala Legislative Assembly will begin tomorrow with the customary address by Governor

6. ഖോ ഖോ ലോകകപ്പിൽ ഇന്ത്യൻ പുരുഷ-വനിതാ ടീമുകളുടെ ക്വാർട്ടർ മത്സരങ്ങൾ ഇന്ന് .

The quarterfinals of the Indian men's and women's teams in the Kho Kho World Cup to be played today.

&&&&&&&&&&&&&&&&&&

## PAY COMMISSION

കേന്ദ്രസർക്കാർ ജീവനക്കാർക്കായി എട്ടാമത് ശമ്പള കമ്മീഷൻ രൂപീകരിക്കാൻ കേന്ദ്രം തീരുമാനിച്ചതായി കേന്ദ്രമന്ത്രി അശ്വനി വൈഷ്ണവ്. ഏഴാമത് ശമ്പള കമ്മീഷൻറെ കാലാവധി 2026-ൽ അവസാനിക്കാനിരിക്കെയാണ് തീരുമാനം. കമ്മീഷൻ ചെയർമാനെയും മറ്റ് അംഗങ്ങളെയും ഉടൻ നിയമിക്കുമെന്നും കേന്ദ്രമന്ത്രി ന്യൂഡൽഹിയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

**ASHWINI VAISHNAV INTRO**

ഇന്ത്യൻ ബഹിരാകാശ രംഗത്ത് വൻ കുതിച്ചുചാട്ടങ്ങൾക്ക് വഴിവയ്ക്കുന്ന നിർണ്ണായക തീരുമാനങ്ങളുമായി കേന്ദ്രസർക്കാർ. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ 3,985 കോടിരൂപ ചിലവിൽ മൂന്നാം വിക്ഷേപണതറ സ്ഥാപിക്കുന്നതിന് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി. ബഹിരാകാശ അടിസ്ഥാന സൗകര്യ വികസനത്തിൽ രാജ്യത്തിന് ഇത് ഒരു സുപ്രധാന നാഴികക്കല്ലായി മാറുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. അടുത്ത മുപ്പത് വർഷം മുന്നിൽ കണ്ടുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കാണ് സർക്കാർ രൂപം നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു.

(വോയിസ്)

&&&&&&&&&&&&&&&&&&

**KARNATAKA – ICAR**

സംഭരണം, വിപണനം, എന്നിവയുടെ വികസനത്തിലൂടെ ഇന്ത്യൻ കാർഷിക മേഖലയെ ശാക്തീകരിക്കാൻ കഴിയുമെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ . കാർഷിക മേഖലയിലെ സമ്മർദ്ദം കുറയ്ക്കുന്നതിന് സാങ്കേതിക സഹായം, സാമ്പത്തിക പിന്തുണ, എന്നിവയ്ക്കുള്ള സഹകരണം ശക്തിപ്പെടുത്തേണ്ടതിൻ്റെ ആവശ്യകതയെക്കുറിച്ച് കർണാടകയിലെ ധാർവാഡിലെ അഗ്രികൾച്ചറൽ സയൻസസ് സർവകലാശാലയുടെ അമൃത് മഹോത്സവത്തിൽ സംസാരിക്കവെ ഉപരാഷ്ട്രപതി പറഞ്ഞു. കാർഷിക മേഖലയെ പിന്തുണയ്ക്കാൻ രാജ്യത്തുടനീളമുള്ള കാർഷിക ഗവേഷണ കൗൺസിൽ , കാർഷിക സർവകലാശാലകൾ

എന്നിവയുടെ സജീവ പങ്കാളിത്തം ഉപ രാഷ്ട്രപതി ജഗ്ദീപ് ധൻഖർ അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&

## SINGAPORE PREZ - VISIT

ഇന്ത്യാ സന്ദർശനം തുടരുന്ന സിംഗപ്പൂർ പ്രസിഡൻറ് തർമൻ ഷൺമുഖരത്നത്തിന് രാഷ്ട്രപതി ഭവനിൽ ഇന്ന് ഊഷ്മള വരവേൽപ് നൽകി. രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്രമോദി തുടങ്ങിയ പ്രമുഖരുടെ സാന്നിധ്യത്തിലായിരുന്നു സ്വീകരണം. സിംഗപ്പൂർ പ്രസിഡൻറുമായി പ്രധാനമന്ത്രി ഇന്ന് ഔദ്യോഗിക കൂടിക്കാഴ്ച നടത്തും. ഡിജിറ്റൽ മേഖല, സുസ്ഥിര വികസനം എന്നിവയിൽ പുതിയ സഹകരണ സാധ്യതകൾ ഇരുരാജ്യങ്ങളും പരിശോധിച്ച് വരികയാണെന്ന് തർമൻ ഷൺമുഖരത്നം പറഞ്ഞു. അഞ്ച് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ സിംഗപ്പൂർ പ്രസിഡൻറ് കേന്ദ്രമന്ത്രിമാരായ എസ്. ജയശങ്കർ, ജെ.പി.നഡ്ഡ എന്നിവരുമായും കൂടിക്കാഴ്ച നടത്തിയിരുന്നു. അദ്ദേഹം നാളെ ഒഡീഷ സന്ദർശിക്കും.

&&&&&&&&&&&&&&&&&&

## ISRO-SPADEX

സ്പേഡെക്സ് ദൗത്യത്തിലെ നിർണായക ഘട്ടമായ ഡോക്കിങ്ങ് പ്രക്രിയ വിജയകരമായി പൂർത്തിയാക്കി ഐഎസ്ആർഒ. രണ്ട് ഉപഗ്രഹങ്ങളെ ഭ്രമണപഥത്തിൽ വച്ച് കൂട്ടിയോജിപ്പിക്കുന്ന ഘട്ടമാണിത്. ഇതോടെ സ്പെയ്സ് ഡോക്കിംഗ് വിജയകരമായി പൂർത്തിയാക്കിയ നാലാമത്തെ രാജ്യമായി ഇന്ത്യ

മാറി. തിളക്കമാർന്ന ഈ നേട്ടത്തിൽ ഐഎസ്ആർഒ ശാസ്ത്രജ്ഞരെയും, ബഹിരാകാശ സമൂഹത്തെയും രാഷ്ട്രപതി ദ്രൗപദി മുർമ്മു, പ്രധാനമന്ത്രി നരേന്ദ്ര മോദി ഉൾപ്പെടെയുള്ള പ്രമുഖർ അഭിനന്ദിച്ചു.

&&&&&&&&&&&&&&&&&&

## PREZ NATIONAL SPORT AWARD

2024-ലെ ദേശീയ കായിക പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമ്മു നാളെ ന്യൂഡൽഹിയിലെ രാഷ്ട്രപതി ഭവനിൽ സമ്മാനിക്കും. ലോക ചെസ് ചാമ്പ്യൻ ഡി ഗുകേഷ്, പാരീസ് ഒളിമ്പിക്സിലെ ഇരട്ട മെഡൽ ജേതാവ് മനുഭാക്കർ, ഉൾപ്പെടെയുള്ളവർക്ക് ഖേൽരത്ന പുരസ്കാരങ്ങൾ സമ്മാനിക്കും. മലയാളി നീന്തൽ താരം സജൻ പ്രകാശിനെ കൂടാതെ 31 പേർക്ക് അർജുന അവാർഡും ബാഡ്മിൻറൺ പരിശീലകൻ എസ്.മുരളീധരൻ ഉൾപ്പെടെ അഞ്ച് പേർക്ക് ദ്രോണാചാര്യ പുരസ്കാരവും സമ്മാനിക്കും.

&&&&&&&&&&&&&&&&&&

## KEERTHIVARDHAN SINGH

കൊച്ചി ഡയലോഗ് 2025 - ൻ്റെ ആദ്യ പതിപ്പ് കേന്ദ്ര വിദേശകാര്യ സഹമന്ത്രി കീർത്തിവർദ്ധൻ സിങ് ഇന്ന് ഉദ്ഘാടനം ചെയ്യും. വിദേശകാര്യ മന്ത്രാലയത്തിൻറെയും കൊച്ചിയിലെ സെൻറർ ഫോർ പബ്ലിക് പോളിസി റിസർച്ചിൻറെയും സംയുക്താഭി മുഖ്യത്തിലാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഇന്ത്യയും ജിസിസി രാജ്യങ്ങളും തമ്മിലുള്ള ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച ചർച്ചകൾ ഇതിൽ നടക്കും.

&&&&&&&&&&&&&&&&&&

## REPUBLIC DAY-CHIEF GUEST

76-ാമത് റിപ്പബ്ലിക് ദിനാഘോഷത്തിൽ ഇന്തോനേഷ്യൻ പ്രസിഡൻ്റ് പ്രബോവോ സുബിയാന്തോ മുഖ്യാതിഥിയാകും. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ക്ഷണപ്രകാരം ഈ മാസം 25 ന് ഇന്തോനേഷ്യൻ പ്രസിഡൻ്റ് ഇന്ത്യയിൽ എത്തും. പ്രസിഡൻ്റ് സുബിയാന്തോയുടെ ആദ്യ ഇന്ത്യാ സന്ദർശനമാണിത്. ഉഭയകക്ഷി ബന്ധങ്ങളെക്കുറിച്ച് സമഗ്രമായ അവലോകനം നടത്താനും പ്രാദേശിക, ആഗോള വിഷയങ്ങൾ ചർച്ച ചെയ്യാനും ഈ സന്ദർശനം അവസരമൊരുക്കും.

&&&&&&&&&&&&&&&&&&

## SHAH - IMMIGRATION

അന്താരാഷ്ട്ര യാത്രക്കാർക്ക് സുഗമവും സുരക്ഷിതവുമായ ലോകോത്തര ഇമിഗ്രേഷൻ സൗകര്യം ഉറപ്പാക്കുന്ന പരിപാടിക്ക് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് തുടക്കമിടും. മുംബൈ, ചെന്നൈ, കൊൽക്കത്ത, ബാംഗ്ലൂർ, ഹൈദരാബാദ്, കൊച്ചി, അഹമ്മദാബാദ് വിമാനത്താവളങ്ങളിലാണ് അതിവേഗ ഇമിഗ്രേഷൻ- വിശ്വസ്ത സഞ്ചാരി സംവിധാനം കേന്ദ്ര മന്ത്രി ഇന്ന് ഉദ്ഘാടനം ചെയ്യുക. രാജ്യത്തെ 21 വിമാനത്താവളങ്ങളിൽ ഈ സൗകര്യം നടപ്പാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

&&&&&&&&&&&&&&&&&&

## KERALA NIYAMASABHA

കേരള നിയമസഭയുടെ ബജറ്റ് സമ്മേളനത്തിന് ഗവർണറുടെ നയ പ്രഖ്യാപനത്തോടെ നാളെ തുടക്കം. ഫെബ്രുവരി 7 നാണ് സംസ്ഥാന ബജറ്റ്. മാർച്ച് 28 വരെയുള്ള കാലയളവിൽ 27

ദിവസമായിരിക്കും സഭ ചേരുക. നയപ്രഖ്യാപനത്തിന്‍ മേലുള്ള നന്ദിപ്രമേയ ചര്‍ച്ചകള്‍ ജനുവരി 20 മുതല്‍ 22 വരെയും, സംസ്ഥാന ബജറ്റിന്മേലുള്ള ചര്‍ച്ച ഫെബ്രുവരി 10 മുതല്‍ 12 വരെയും നടക്കും.

&&&&&&&&&&&&&&&&&&

**AMIT SHAH INTRO**

2047-ല്‍ ഇന്ത്യ നൂറാം സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോള്‍ ആഗോളതലത്തില്‍ എല്ലാ മേഖലകളിലും രാജ്യം ഒന്നാം സ്ഥാനത്ത് എത്തുമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ. ഗുജറാത്തിലെ ഗണ്‍പത് സര്‍വ്വകലാശാലയിലെ 18-ാമത് ബിരുദദാന ചടങ്ങില്‍ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

(ഹോള്‍ഡ് വോയിസ്)

സ്കില്‍ ഇന്ത്യ, ഡിജിറ്റല്‍ ഇന്ത്യ തുടങ്ങിയ പദ്ധതികള്‍ രാജ്യത്തെ യുവാക്കള്‍ക്ക് നിരവധി അവസരങ്ങള്‍ തുറന്നു കൊടുത്തെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

**KHO KHO WORLD CUP**

2025-ലെ ഖോ ഖോ ലോകകപ്പില്‍ ഇന്ത്യന്‍ പുരുഷ-വനിതാ ടീമുകള്‍ ക്വാര്‍ട്ടറില്‍ കടന്നു. ഇന്ന് ഇന്ദിരാഗാന്ധി ഇന്‍ഡോര്‍ സ്റ്റേഡിയത്തില്‍ നടക്കുന്ന ക്വാര്‍ട്ടര്‍ മത്സരങ്ങളില്‍ ഇന്ത്യന്‍ വനിതാ ടീം മലേഷ്യയെയും പുരുഷ ടീം ഭൂട്ടാനെയും നേരിടും .

&&&&&&&&&&&&&&&&&&

**ISL FOOTBALL**

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് പഞ്ചാബ് എഫ്.സി മുംബൈ സിറ്റിയെ നേരിടും. ഡൽഹി ജവഹർലാൽ നെഹ്‌റു സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&&&

## PM-BHARAT GLOBAL EXPO

ഇന്ത്യയിലെ ഏറ്റവും വലിയ മൊബിലിറ്റി എക്സ്പോയായ ഭാരത് മൊബിലിറ്റി ഗ്ലോബൽ എക്സ്പോ 2025 പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ രാവിലെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഉദ്ഘാടനം ചെയ്യും. നാളെ മുതൽ ഈ മാസം 22 വരെ മൂന്ന് വ്യത്യസ്ത വേദികളിലായി എക്സ്പോ നടക്കും. മുഴുവൻ മൊബിലിറ്റി മൂല്യ ശൃംഖലയെയും ഒരു കുടക്കീഴിൽ ഏകീകരിക്കാനാണ് എക്സ്പോ ലക്ഷ്യമിടുന്നത്.

&&&&&&&&&&&&&&&&&&

## MAHAKUMBH – FOREIGN DELEGATION

മഹാകുംഭമേളയിൽ പങ്കെടുക്കാൻ എത്തിയ 10 രാജ്യങ്ങളിൽ നിന്നുള്ള 21 അംഗ പ്രതിനിധി സംഘം ഇന്ന് ത്രിവേണി സംഗമത്തിൽ പുണ്യസ്നാനം നടത്തി. വിദേശകാര്യ മന്ത്രാലയത്തിന്റെ ക്ഷണപ്രകാരം പ്രതിനിധി സംഘം ഇന്നലെയാണ് എത്തിച്ചേർന്നത്. മഹാകുംഭമേള മേഖലയിൽ സംഘം പൈതൃക പര്യടനവും നടത്തി. ഫിജി, ഫിൻലൻഡ്, ഗയാന, മലേഷ്യ, മൗറീഷ്യസ്, സിംഗപ്പൂർ, ദക്ഷിണാഫ്രിക്ക, ശ്രീലങ്ക, ട്രിനിഡാഡ് ആൻഡ് ടൊബാഗോ, യുണൈറ്റഡ് അറബ് എമിറേറ്റ്സ് എന്നീ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളാണ് അന്താരാഷ്ട്ര പ്രതിനിധി സംഘത്തിലുള്ളത്.

&&&&&&&&&&&&&&&&&&

## GAZA CEASEFIRE

ഗസ വെടിനിർത്തലും അനുബന്ധ ഉടമ്പടിയും സംബന്ധിച്ച കാബിനറ്റ് വോട്ടെടുപ്പ് വൈകിപ്പിച്ച് ഇസ്രായേൽ. കരാറിൻ്റെ ചില ഭാഗങ്ങൾ ഹമാസ് ലംഘിച്ചതായി ആരോപിച്ചാണ് ഇസ്രയേലിന്റെ നടപടി. എന്നാൽ, ആരോപണം നിഷേധിച്ച ഹമാസ് വെടിനിർത്തലിന് പ്രതിജ്ഞാബദ്ധമാണെന്ന് അറിയിച്ചു.

&&&&&&&&&&&&&&&&&&

## GADKARI-CONCLAVE

പൗരന്മാർക്ക് റോഡ് സുരക്ഷ ഉറപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി. റോഡ് സുരക്ഷയെക്കുറിച്ചുള്ള രണ്ടാമത്തെ ദേശീയ കോൺക്ലേവിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം . റോഡപകടങ്ങളിൽ ജീവൻ നഷ്ടപ്പെടുന്നവരിൽ 66 ശതമാനവും 18നും 45നും ഇടയിൽ പ്രായമുള്ളവരാണ്. ഇലക്ട്രോണിക് ബ്രേക്കിംഗ് സിസ്റ്റം പോലുള്ള സാങ്കേതികവിദ്യകൾക്ക് സർക്കാർ പ്രോത്സാഹനം നൽകുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&